Before the Hon. City Police Commissioner, Trivandrum.

Subhash.S (Ex-Air Force)
Gallery
Poundkadavu
Valiyaveli-PO
Trivandrum-695021
Tele: 2414880

9.12.2011

Sir,

<u>സ്വഭവനത്തിൽ സ്വൈര്യമായി കഴിയാനുള്ള മനുഷ്യാവകാശ ലംഘനം</u>

Ref:- 1. FIR No. 698 of Thumba PS dtd 17.11.2011.
2. No.G(A)/23401/2011 TC dtd 16.8.2011.
3. No.1524/RTI ACT/ACS-11 dtd. 16.8.2011.
4. 1056/RTI-Act/ACS/11 dtd 6.6.2011.

എന്റെ എളിയ അപേക്ഷ സ്വീകരിച്ച് അടിയന്തിരമായി നടപടി കൈക്കൊള്ളണമെന്ന് താഴ്മയായി അപേക്ഷിയ്ക്കുന്നു.

(1)വസ്തുവിന്റെ പ്രമാണം, (2)ഓണർഷിപ്പ് സർട്ടിഫിക്കറ്റ്, (3)രജിസ്ട്രേഷൻ എന്നിവ ഒന്നും ഇല്ലാതെ, തിരുവനന്തപുരം ആറ്റിപ്ര വില്ലേജിലെ പൗണ്ട്കടവിലുള്ള സർക്കാർ ഭൂമി യിൽ, അംഗീകാരമില്ലാത്ത പ്ലാസ്റ്റർ ഓഫ് പാരീസ് നിർമ്മിത ഗുരുപ്രതിമ വച്ച് ആരാധനയുടെ മറവിൽ, കുപ്രസിദ്ധ വ്യാജ-മദ്യ കേന്ദ്രമായ കുളത്തൂർ-കോരാളംകുഴി-ലക്ഷംവീട്കോളനി യിലും പരിസരത്തുമുള്ള മൂന്ന് കുടുംബത്തിലെ അംഗങ്ങളും സിൽബന്ധികളുമടങ്ങിയ ഒരു ന്യൂനപക്ഷ സംഘം സമീപവാസികളിൽ ഭീതിയും പൊലീസിൽ തെറ്റിധാരണയും സൃഷ്ടിച്ച് സാമൂഹ്യദ്രോഹ പ്രവർത്തനങ്ങൾ നടത്തുന്നു.

ആരാധനാ സ്വാതന്ത്ര്യത്തെ ദുരുപയോഗം ചെയ്ത്, നിയമവിരുദ്ധമായി ഉച്ചഭാഷിണി വച്ച് ശല്ല്യമുണ്ടാക്കി, <u>സ്വഭവനത്തിൽ സ്വൈര്യമായി കഴിയാനുള്ള മനുഷ്യാവകാശം ലംഘിക്കുകയും</u> പൊലീസിൽ പരാതിപ്പെട്ടാൽ ആക്രമിക്കുക മാനഹാനിയുണ്ടാക്കുക എന്നീ നീച പ്രവർത്തികളാൽ ഭീതി ജനിപ്പിച്ച്, പരാതിപ്പെടാൻ ആരും ധൈര്യപ്പെടാത്ത സാഹചര്യം സൃഷ്ടിച്ചാണ് ഇവർ ഈ സാമൂഹ്യദ്രോഹ പ്രവർത്തനം നടത്തുന്നത്.

അംഗീകാരമുള്ള എണ്ണമറ്റ വിവിധ ആരാധനാലയങ്ങൾ ഉള്ള ഈ പ്രദേശത്ത് ഗുരുദേവന്റെ തത്വത്തിന് വിരുദ്ധമായി അനധികൃതമായി ദുരുദ്ദേശത്തോടെ ആരംഭിച്ച ഇതിന്റെ ഉദ്ഘാടനം നിർവ്വഹിക്കാൻ ക്ഷണിക്കപ്പെട്ട സിനിമാ താരം ശ്രീ.തിലകൻ ഈ അധർമ്മത്തെ നിശിതമായി വിമർശിച്ച് ഉദ്ഘാടനം നിർവഹിക്കാതെ പോയതും, തുടർന്ന് ഉത്സവമെന്ന മറ പിടിച്ച് പിരിച്ചെടുത്ത പണം ധൂർത്തടിച്ച ഇവരുടെ മുൻഗാമിക്ക് തീവണ്ടിക്ക് മുന്നിൽ ചാടി ആത്മഹത്യ ചെയ്യേണ്ടിവന്നതും ഇവരുടെ ചരിത്രങ്ങളാണ്.

രജിസ്ട്രേഷൻ ഇല്ലാത്തതിനാൽ ബൈലാ, ലെറ്റർ പാഡ്, ഓഫീസ് സീൽ, അക്കൗണ്ട്, ആഡിറ്റ്, മിനുട്ട്സ്, ഭാരവാഹികൾ, കമ്മിറ്റി ഇവയൊന്നും ഇവർക്ക് ബാധകമല്ല, തോന്ന്യാസ മായി എന്തും ചെയ്യാം, ആർക്കും ഉത്തരവാദിത്വമില്ല. എന്നാൽ <u>Ref. 2 ലെ അന്വേഷണ റിപ്പോർട്ട് പ്രകാരം ഇപ്പോൾ വിളക്കും പൂജയും നടത്തുന്നത് ശാലിനിയെന്ന സ്ത്രീയാണെന്ന് വെളിവായിട്ടുണ്ട്.</u> ആയതിനാൽ ഇനി ഇവരുടെ എന്ത് സാമൂഹ്യദ്രോഹ പ്രവർത്തനങ്ങൾക്കും ശ്രീമതി. ശാലിനിയെ ഉത്തരവാദിയാക്കി കർശന നടപടി എടുക്കേണ്ടതാണ്.

പോലീസ് അനേകം തവണ ഇവരുടെ ഉച്ചഭാഷിണി ശല്ല്യം നിറുത്തിവയ്പ്പിക്കുകയും താക്കീത് നൽകുകയും ചെയ്തിട്ടും, അതൊന്നും വക വെയ്ക്കാതെ നിയമങ്ങളേയും പോലീ സിനേയും വെല്ലുവിളിക്കുന്ന സാമൂഹ്യദ്രോഹത്തിനെതിരെ 2002 മുതൽ അനേകം പരാതികൾ വിവിധ കാര്യാലയങ്ങളിൽ സമർപ്പിച്ചിട്ടുണ്ട്. (To SI Thumba dtd 29.7.2002 and 18.11.2002, To

CP dtd 27.12.2002, To ACP Sanghumugham dtd 7.4.2008, To SI Thumba dtd 14.4.2011, To CP dtd 15.4.2011, To DGP dtd 18.4.2011, To CP and ACP Sanghumugham dtd 17.11.2011)

Attipra Village office, Corporation Zonal Office Kulathoor എന്നിവിടങ്ങളിൽ നിന്നും ലഭിച്ച RTI റിപ്പോർട്ടുകൾ പ്രകാരം ടി നിർമ്മാണം അനധികൃതമാണെന്ന സത്യം തെളിയുകയും, 2.2.2010 ൽ Thumba Police Station ൽ സമർപ്പിച്ച RTI അപേക്ഷയോടൊപ്പം ഈ വിവരത്തിന്റെ പകർപ്പ് നൽകുകയും ചെയ്തു. അതിനുശേഷം ഇവർക്ക് Mike sanction ലഭിക്കാത്ത അവസ്ഥയിലെത്തുകയും, അതുവരെ നാട്ടുകാരെ പറ്റിച്ച് നടത്തിക്കൊൺടിരുന്ന Business ന് മങ്ങലേൽക്കുകയും ചെയ്തു. അങ്ങിനെ, പുതിയതായി സ്ഥാനമേൽക്കുന്ന Police ഉദ്ദ്യോഗസ്ഥരെ തെറ്റിധരിപ്പിച്ചോ/സ്വാധീനിച്ചോ/കബളിപ്പിച്ചോ Mike sanction ഇല്ലാതെ Public nuisance ഉൺടാക്കുകയെന്ന തന്ത്രം സ്വീകരിച്ചു. അതിന് തെളിവായി No.04/RI Act/2010/TPS dtd 4.2.2010, No.16/RTI Act/2010/TPS dtd 10.6.2011, No.G(A)/23401/2011 TC dtd 7.9.2011, No. 1790/RI ACT/ACS-11 dtd 3.9.2011, No. 2284/GL/11-CIMC dtd 17.10.2011 എന്നീ RTI രേഖകൾ ലഭിച്ചിട്ടുൺട്.

ഇവരുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ കാരണം Ref.1ൽ പറയുന്ന FIR, CC 753/07 എന്ന ക്രിമിനൽ കേസ്, C No. 506/2011 എന്ന Corruption കേസ്(Lokayukta), 10489/03/SIC-Genl/10(KSEB),10490/03/SIC-Genl/10(Corporation), 8540/05/G2/SIC/11(Police) എന്നീ RTI Act Appeals(State Information Commission) നടന്നുവരുന്നു.

(1)വസ്തുവിന്റെ പ്രമാണം, (2)ഓണർഷിപ്പ് സർട്ടിഫിക്കറ്റ്, (3)രജിസ്ട്രേഷൻ എന്നിവ ഇല്ലാത്തതിനാൽ ഇവരുടെ പ്രവർത്തനം അനധികൃതമാകുന്നു. ഈ സത്യത്തിന് വിരുദ്ധമായി നിലകൊള്ളുക, സ്വഭവനത്തിൽ സ്വൈര്യമായി കഴിയാനുള്ള മനുഷ്യാവകാശം ലംഘിച്ച് ഉച്ചഭാഷിണി ശല്ല്യമുൺടാക്കാൻ പഴുതുകൾ കൺടുപിടിച്ച് അഴിമതിയിലൂടെ ഉച്ചഭാഷിണി ഉപയോഗിക്കാൻ ഇവർക്ക് അനുവാദം നൽകുക എന്നീ നിയമവിരുദ്ധ പ്രവർത്തനങ്ങൾ ഒരു കാരണവശാലും ബന്ധപ്പെട്ട പോലീസ് കാര്യാലയങ്ങളിൽ നിന്നും ഉൺടാകാതിരിക്കാനും, അഥവാ ഉച്ചഭാഷിണി ശല്ല്യം വീൺടും ആവർത്തിക്കുകയോ, പൊതുനിരത്തിൽ കൂട്ടം കൂടുകയോ ചെയ്യുകയാണെങ്കിൽ Ref. 2 ൽ പറയുന്ന കക്ഷിക്കെതിരെ Ref. 4 പ്രകാരം കേസ് രജിസ്റ്റർ ചെയ്യാനും, Ref.1 ൽ പറയുന്ന FIR കോടതിയിൽ പരാജയപ്പെടാത്ത വിധം പഴുതുകൾ ഒന്നും ഇടാതെ ശരിയായ രീതിയിൽ മുന്നോട്ടുകൊൺടുപോകാനും വേൺട നടപടികൾ സ്വീകരിക്കണമെന്ന് താഴ്മയായി അപേക്ഷിച്ചുകൊള്ളുന്നു.

Yours truly,

(Subhash.S)